# പെസഹാ വ്യാഴാഴ്ച

## സന്ധ്യാ നമസ്ക്കാരം

ഹാശായുടെ കൗമാ

ബ്രിക് മൂക്കോക്കൊക് ദഹലോപ്പെൻ
മ്ശീഹോ ദബു പെസഹെശ്രോയ്ലെ മറുപെസഹൊ
ബുപെസഹോക്
അപ്സഹലാൻ വെസറാ, ഹാമ്മേലൈൻ.

(മലയാളം)

പെസഹാ, യാൽ പെസഹാടിനെ നീ, ക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ

(മൂന്നു പ്രാവശ്യം)

നാഥാ ! തേ സ്തുതിയും .... ഇത്യാദി

## പ്രാരംഭ പ്രാർത്ഥന

ദൈവമേ ! നിന്റെ കൃപയിൻ പ്രകാരം.... ഇത്യാദി

## എനിയോനോ

ഹൗ ദഹവോ ബുഖറോ........ എന്ന രീതി

യൂദർ-തൻ-തുപ്പലേറ്റിട്ടും
മാ-നവ കുറ്റം തീർത്തോനെ !
ദേവാ ! ദയ ചെയ്തീടണമെ

തിരുസഭയിൽ-പരിമള മൂറോനാൽ
നൽ-സൗരഭ്യം ചേർത്തോനെ ! ദേവാ!....

നിൻ പാപം-മോചിതമെന്നേവം
പാ-പിനിയാളൊടു ചൊന്നോനെ! ദേവാ!...

നിൻ ജനത-യ്ക്കേകുക ദയ നാഥാ!
നിൻ-വക, യാമിവരെ വെടിയാ ദേവാ!...

പാപിനി തൻ-കണ്ണീർ കണ്ടതിനാൽ
അ-വൾ പാപം മോചിച്ചോൻ ദേവാ!.....

ബാറെക്മോർ ശുബഹൊ..... മെനഓലം.

തിരുഹിതമായ്-നിർമ്മിതമാസകലം
സ്തു-തി തേ. യർപ്പിക്കുന്നധുനാ! ദേവാ!.....
കുറിയേലായിസ്സോൻ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ.........ഇത്യാദി

## എനിയോനോ

യൗമ്മോനോ..... എന്ന രീതി

ഇന്നാളിൽ-കീപ്പാ യോ-ഹന്നാന്മാരാം
പ്രേക്ഷിതശ്ലീഹർക്കാ-യ്
ഹിതമൊടു നമ്മുടെ-രക്ഷാ, യാഗമ-
താകാൻ പെസഹാ-
കുഞ്ഞാടതുമ-ർമ്മാധിപനായ്-പാകം ചെയ്തിവരും
ഇന്നാളിൽ-ശിഷ്യന്മാരോ-ടറിയിച്ചാൻ
ഗുരു പാരം മ-ർമ്മം
നിങ്ങളിലേകൻ-വിറ്റിട്ടെന്നുടെ-
വിലയതു വാങ്ങി
ക്കഷ്ടത വൈഷ-മ്യം നേടും-പൊലിയാ,
തീയുമവൻ
ഇന്നാളിൽ-ശീമോൻ യോ-ഹന്നാന്മാർ
പോയ് പാവന പുരി തന്നി-ൽ
ബലി പൂജാദികൾ-പെസഹായിവ തൻ-
കർത്താവിന്നായ്-
പാകം ചെയ്താർ-മാളികയിൽ
മർമ്മം കൊണ്ടാടാൻ
ഇന്നാളിൽ-വ്യഥയും മാലും-പൂണ്ടേറ്റം
നിജ ശിഷ്യ സമൂ-ഹം
അഖിലേശൻതൻ-കഷ്ടപ്പാടതു-ചൊന്നൊരു നേരം-
നിങ്ങളിലേകൻ യൂദർക്കായ്-ചതിവായേല്പിക്കും
മമ, ശിഷ്യൻ-കുടിലൻ ചതിയായ്-
വിറ്റെന്നെ വിലയും വാങ്ങീ-ടും
ഏവം ഗുരുവര-നരുളിച്ചെയ്തതു-കേട്ടതു മൂലം-
ശിഷ്യർ പാരം-മനമുരുകി-ക്കൊണ്ടാർ സംഭ്രമവും
ബാറെക്മോർ ശുബഹൊ..... മെനഗാലം

സർവ്വേശൻ-സഭയെ പ്രതി മാ-ലേറ്റതിനെ
പിഴയിൽ നിന്നേ-റ്റി
ജന,മതിനിടയിൽ-ഭിന്നത തർക്കം-
പാടെ പോക്കി-
ട്ടെല്ലാ ദേശെ-സൗഭാഗ്യം-വാസം ചെയ്യിച്ചാൻ
സ്തൗമെൻകാലോസ്- കുറിയേലായിസ്സോൻ

## പ്രുമിയോൻ

### കോലോകൾ

ഏനോനൊ നുഹറോ ശാറീറോ........ എന്ന രീതി

ഭോജന ശേ-ഷം ശിഷ്യഗണത്തോ-
ടുര ചെയ്താൻ ഗുരു നിജ കഷ്ടം
തൻ ചാരേ-മേവിന യോഹന്നാൻ
ഗുരുമാറൊടു ചേർന്നി,ദമോതി

ആരാണങ്ങേ-യേല്പിപ്പൂ?
ഗുരു തെളിവായേവം ചൊന്നു
എൻകൂടെ കൈ മുക്കുന്നോൻ
വഞ്ചക യൂദന്മാർ കയ്യിൽ-വിറ്റെന്നെ
വിലയും വാങ്ങും ബാറെക്മോർ

ശുബ്ഹോ.......... മെനഗാലം............

പാവനമാം-കൈത്തളിരിൽ കർത്തൻ
പരിചൊടു കാസ കൈക്കൊണ്ടു
സ്തോത്രത്തോ-ടതു വാഴ്ത്തീട്ടേകി-
ച്ചൊന്നിതു ശിഷ്യന്മാരോടായ്

ഇതു താനെന്നുടെ ജീവ നിണം
അഖിലരുമിതു പാനം ചെയ്‌വിൻ
ഇതു കൈക്കൊൾവോരെല്ലാരും
ശാശ്വത മോക്ഷേ സാമോദം-
പാവന ജീവൻ പ്രാപിക്കും മൊറിയൊ...

**എത്രോ** (ധൂപപ്രാർത്ഥന)

## വീണ്ടും കോലോകൾ

കൂക്കോയോ..... എന്ന രീതി

പെസഹാ മുൻ ബുധനും വ്യാഴം -നാളു-കളു-ള്ളിൽ
ഗഹനമതാം മർമ്മംകർത്തൻ-പ്രേഷി-താരോടോതി
പാവന പുരിയിൽ  നാമേറീടുന്നു
യൂദന്മാരാൽ പിടി പെട്ടീടും ഞാൻ
കല്പന ലംഘിച്ചടിപെട്ടോ-നാദാം-പേ-ർക്കായ്
കുരിശഗ്രേ, യീ നരജാതൻ-തൂക്ക-പ്പെട്ടീടും
ഹാലേലുയ്യ-പുനരേദൻ പൂകാൻ
ബാറെക്മോർ  ശുബ്ഹോ...
പെസഹാ മുൻ ബുധനും വ്യാഴം -ഈ-നാളുകളിൽ
ദൈവാത്മജനെതിരെ യൂദർ-ചതി,യാ-ലോചിച്ചാർ
വൻ പെരുന്നാളിൽ കടു കൊലചെയ്തീടാൻ
പ്രവചനമോതി-ച്ചതിയൻ കയ്യാപ്പാ
ജനമാകെ മുടിയാതേകൻ-സർവ്വ-ർക്കും വേണ്ടി
മൃതി ചേരുന്നതു താനുചിതം-ഒത്തി-തിനെല്ലാനും
ഹാലേലുയ്യ-ഈശനെ നിഹനിപ്പാൻ

### ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ !
വലഭാഗത്തു-ള്ളാട്ടിൻ കൂട്ടം
ഈ നിശയിങ്കൽ-സംഭ്രമമാർന്നാർ
ചിന്തന-മറിവോൻ ചൊന്നീ-രഹസ്യം
നിങ്ങളിലേകൻ-യൂദർക്കെന്നെ
ചതിവായൊറ്റി-കാണിച്ചീടും
ഈ നിശയിങ്കൽ-വഞ്ചക യൂദാ
യൂദർ പക്കൽ-സമ്മതമേകി
രുധിരാ-ലുലകം രക്ഷി-പ്പോനെ
വിലയായ് മുപ്പതു-വെള്ളിയുമൊത്തി
ട്ടേല്പിച്ചീടാൻ-തക്കം നോക്കി
സർവ്വത്തിന്നും-കർത്തൻ പേർക്കായ്
പാകം ചെ-യ്താർ-പെസഹാ മേഷം
വെളിപാടാലും ഉപമകളാലും

പരികർമ്മികളും-നിബിയന്മാരും
സുതനായ് ചൊന്ന-കർമ്മം ചെയ്വാൻ

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ! മൊറിയോ.....

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം - രാ-ജ്യേ ദേവാ!.....

യൂദപ്പെസഹാ തന്നന്ത്യ-
പ്പെരുന്നാളാഗത, മായപ്പോൾ
ഹിതമൊടു ദൈവക്കുഞ്ഞാടും-
സജ്ജമതായി സ്വ-യമേവാ ദേവാ!.....

സദയം താണൊരു പരനോടായ്
ശിഷ്യന്മാർ സാദരമോതി
അങ്ങേയ്ക്കെവിടെ പെസഹായെ
ഞങ്ങൾ പാകം ചെ-യ്യേണ്ടു ദേവാ!.....

നിബിയന്മാർ സൂചിപ്പിച്ച
മർമ്മ,മതീ സദനെ തികയും
ജാതികൾ തൻ പുണ്യത്തിന്നാ
യാകും ഞാനതിലൊരു-യാഗം ദേവാ!.....

ആദിമുതൽ ഞാനാർജ്ജിച്ച
സഭ വരണ, മിതിവിടെ ചെയ്വേൻ
സ്ത്രീധന, മെന്നമല, നിണത്താ-
ലെഴുതും ഞാനീ സദന-ത്തിൽ ദേവാ!.....

ഞങ്ങൾക്കായുളവായൊരു നിൻ .....

## ഏവൻഗേലിയോൻ

മോറാനേശു മ്ശിഹാ !........ ഇത്യാദി
ഹാശായുടെ കൗമാ -

# സൂത്താറാ നമസ്ക്കാരം

ഹാശായുടെ കൗമാ
സ്തൗമെൻകാലോസ് -കുറിയേലായിസ്സോൻ

## പ്രുമിയോൻ
## കോലോകൾ

കൂക്കോയോ.....എന്നരീതി

വ്യാഴത്തിൻനാൾ മാളികയിൽ-നാഥൻ-പൂ-കി
ചതിയൻയൂദായെവിളിചെ-യ്തേറ്റിപ്പന്തിയതിൽ
കൂടെഭൂജിച്ചോൻ വാളിൻവായ് തേച്ചു
വായിൽ ചിരിയും കരളിൽ വഞ്ചനയും
പുറമേ, യാടകമേ ചെന്നായ്-ക്രൂശ-കരൊ-പ്പം
ചതിയനെ, യറിവോടനുവദിച്ചോൻ -
ഗുരുനാ-ഥൻ വന്ദ്യൻ
ഹാലേലുയ്യ -ഉ-ഹാലേലുയ്യ

ബാറെക്മോർ ശുബ്ഹോ

ഏറ്റം നല്ലൊരു മാതൃകയെ-വാഴ്ത്തിൻ ദി-വസം
കർത്തൻ ചെയ്തതു സഹചരരേ-യേല്പി-ച്ചാൻ ഭദ്രം
കല്പിച്ചേവം ചൊന്നാനവരോടായ്
ഈ ദൃഷ്ടാന്തം നിങ്ങൾക്കായ് ചെയ്തേൻ
നിങ്ങളുമിതു പോൽ ചെയ്തിടുവിൻ-വിനിയ-ത്തൊ-ടെ
മമ, ശിഷ്യന്മാരെന്നിതിനാ-ലെല്ലാ-വനു-മറിയും
ഹാലേലുയ്യ -ഉ-ഹാലേലുയ്യ

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റോരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!
നല്ലോൻ സ്വയമേ-വന്നു കൊലയ്ക്കായ്
ഇസഹാക്കിന്റെ-ബലി നിറവേറ്റി
ഗോഗുൽത്തായിൽ സുതനർപ്പിതനായ്
മേഷാലിസഹാക്ക്-മോചിതനായതു പോൽ
ആദാം പതിതർ-സുത ബലിയാലും
ശപ്തന്മാരാം-യൂദക്കൂട്ടം-
ഈ വൻ നാളിൽ-ചതി പണി ചെയ്താർ
സ്കറിയോത്തായ്ക്കായ് കോഴയെ നൽകി
വാഗ്ദത്തംപോൽ-ഗുരുവേയൊറ്റി-
ത്തൂങ്ങാൻ പാശം-കൊണ്ടാൻ യൂദാ

ശീമോൻ കീപ്പാ-യോഹന്നാനും
ഇന്നേ ദിവസം-പോയരുളാലെ
ശിഷ്യർകൂടെ പെസഹായുണ്ട്
പഴമയെ നീക്കും-കർമ്മം ചെയ്‌വാൻ
ഗുരുവിനു മേഷം -പാകം ചെയ്താർ
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ!. മൊറിയൊ.

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം. ദേവാ!...

ഉത്സവമതിനുടെ മുന്നാൾ മുമ്പായ് മ്ശിഹാ ! വന്നു
അർപ്പിതനിസഹാക്കി നസാദ്ധ്യമായതു-നിറവേറ്റീടാൻ
മൂന്നാം നാളിസഹാക്കിൻ ബലിയതു-സാധിതമാക്കി
ഈ ദൃഷ്ടാന്തം-രക്ഷക കൃതിയിൽ നിറവേറുന്നു ദേവാ!...

ഹതനായ് കർത്തൻഹിതമതിലത്രെപ്രകൃതിയിലല്ല
ഉണ്മയിലല്ല-മാനവ പ്രകൃതിയിൽ മ്ശിഹാ! ഹതനായ്
വിറകി, സഹാക്കും നിജയാഗത്തിനുപേറിപ്പോയി
ഈശോ താനും നിജതോളിന്മേൽ-കുരിശു വഹിച്ചു ദേവാ!...
പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയന്യേ
യദൂരന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം ദേവാ!...

കുറി........കുറി.........കുറിയേലായിസ്സോൻ
ബാറെക്മോർ - അത്യുന്നതന്റെ മറവിലിരിക്കുന്നവനും.....
ഹാശായുടെ കൗമാ
സൂത്താറ സങ്കീർത്തനം വിശ്വാസ പ്രമാണം. ഇത്യാദി.

# പെസഹാ വ്യാഴാഴ്ച രാത്രി

പെസഹായുടെ കൗമാ
ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ!...ഇത്യാദി....
രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ..... ഇത്യാദി

(മാനവ വത്സലനെ............എന്ന രീതി)

വാനോ-ർ തൻ നാഥൻ-കൂറൊടു വിധി നിലയേ-നിന്നാൻ
സ്വാത-ന്ത്ര്യമതും-രക്ഷയുമെങ്ങൾ-ക്കേകാൻ പാടേറ്റു
സൃഷ്ടിയ്ക്കെല്ലാം-സ്രഷ്ടാവിനു സതതം സ്തോത്രം

നാഥൻ വിളിചെയ്താൻ-കീഫാ യോഹന്നാന്മാരെ
മാ-ളികയൊന്നിൽ പെസഹാ പാകം ചെയ്തീടാൻ വിട്ടു
സൃഷ്ടിയ്ക്കെല്ലാം-സ്രഷ്ടാവിനു സതതം സ്തോത്രം

പാവ-നമാ, മുയരിൽ-തനുവതു മിശിഹാ! ഖ-ണ്ഡിച്ചു
തൻ നിണമൂറ്റി-ശിഷ്യന്മാർക്കായ്-ഭാഗം ചെയ്തേകി
ട്ടേ-വം ചൊന്നാൻ-നിങ്ങളുമിതുപോൽ ചെയ്തീടുവിൻ

രക്ഷാ-കരനെ നീ-താവക സമയം വന്നതിനാൽ
കീഫാ യോഹാ-ന്നാന്മാരേയും-വിധി പോലത്താഴം
പാകം ചെയ്വാൻ-നിർദ്ദേശം നൽകിയയച്ചു.

ബാറെക്മോർ ശുബഹൊ.......... മെനഓലം.........

സുതനു-ടെ ഹാശായിൽ -വ്യഥയൊടു നാമേവം ചൊല്ലാം
ഞ-ങ്ങൾ പേർക്കായ് വ്യാകുലമേറ്റോൻ-കാരുണ്യൻ
സ്തുത്യൻ
സൃഷ്ടിക്കെല്ലാം-സ്രഷ്ടാവിനു സതതം സ്തോത്രം
കുറി..........കുറി..............കുറിയേലായിസ്സോൻ

**എക്ബോ**-തൂബൈക് ഒപ്രാത്ത്...... എന്നരീതി

മേടയ്ക്കുള്ളിൽ പന്തിരു പേർക്കായ്
മെയ് ഭാഗിച്ചോൻ മശിഹാ! വന്ദ്യൻ
കുറി..........കുറി..............കുറിയേലായിസ്സോൻ
ഞങ്ങളുടെ കർത്താവേ!......... ഇത്യാദി

## ഒന്നാം കൗമാ

സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ

## പ്രുമിയോൻ

### കോലോകൾ

ത്ഹർ ഗബറീയേൽ.......... എന്നരീതി

കർത്തൻ നിശയിൽ-പാരം സങ്കട പീഡകളാൽ
നിജ ശിഷ്യന്മാരൊടു ചൊന്നാൻ-മൃതിതൻ
മുമ്പേ നിങ്ങളുമായി

പെസഹാ ചെയ്‌വാൻ വാഞ്ചിപ്പേൻ-
തൻ കര, മതിലപ്പമെടുത്തു
വാഴ്ത്തി മുറിച്ചിട്ടങ്ങേകി-ചഷകമതും വാഴ്ത്തി
ചൊന്നിതു താനെൻ രക്തം-ചോർത്തീടുന്നേ
നിതു നിങ്ങൾ
വിശ്വാസികളെല്ലാ പേർക്കും ബാറെക്മോർ
ശുബഹോ........

വഞ്ചക യൂദാ-മുഖ്യാചാര്യന്മാർ പക്കൽ
ചെന്നവ രോടേവം ചൊന്നാൻ ഗുരുവേ നിങ്ങൾ
ക്കേല്പിച്ചാ-
ലെന്തതിനായ് പകരം നൽകും-മുപ്പതു വെള്ളിയ
തേകാമെ
ന്നുഭയ കരാർ ചെയ്താരവരും-അഖിലേശൻ
വിലയായ്
കഷ്ടം സ്വയമേ നിഹനിച്ചാൻ-സാത്താനൊപ്പം
യൂദായും
നരക വേദനയിവൻ നേടും മൊറിയോ.........

**എത്രോ** (ധൂപ പ്രാർത്ഥന)

**വീണ്ടും കോലോകൾ**

ലോക് മൊറിയോ കോറേനാൻ.......... എന്ന രീതി

'ഹാശാ, യേൽക്കും മുമ്പെ നിങ്ങൾ കൂടി
പെസഹായുണ്ണാൻ വാഞ്ചിപ്പേൻ'
ഗുരുചൊ-ന്നവരോടായ്
തൻ തനുവും നിണവു, മവർക്കായ് ഭാഗിച്ചേശു
നാനാ ദേശത്തീക്കർമ്മം-ഇന്നും-തുടരുന്നു
തൻ മെയ് ഭാ-ഗിച്ചോൻ സംസ്തുത്യൻ
രുധിരമതും-തന്നോനും വന്ദ്യൻ
മരണമതിൽ നിന്നിവരേയും -രക്ഷിച്ചോൻ പൂജ്യൻ
ബാറെക്മോർ ശുബഹോ.....

കോമള ഗുരു തൻ മാറതിലത്താഴത്തിൽ
ചാരിയറിഞ്ഞാൻ യോഹന്നാൻ ഗുരുവിൻ
മർമ്മങ്ങൾ
നീ പോയുൽഘോഷിക്ക-ചൊന്നിതു ഗുരുവും
ആദിയു, മന്തവുമില്ലാതെ-സ്ഥിതനാം-
വചനേശൻ

ആഗതനായ്-നരദേഹം പൂണ്ടു
നരനുടെ മെയ് -പരനുടെ തനുവാക്കി
സ്തുതിതേ നരതനുപൂണ്ട, പര-കൃപ- ചെ-യ്യണ
മിവരിൽ

## ബോത്തെദ് ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം -ധന്യം നാഥാ!

ഇരുളിൻ മക്കൾ -ഭീകര രാത്രൗ
ദീപ്തിക്കെതിരെ-തമസ്സിൽ വന്നു
ആരേ തേടു-ന്നെന്താരാഞ്ഞാൻ

യേശു-വെന്നാ-യുത്തരമോതി
ഭീ, യാലിവരും സംഭ്രമ, മാർന്നു

നിജ വീര്യത്തെ-ഗോപനമാക്കി
സ്വയമേല്പിച്ചു-അവർപിടികൂടി
ഹിത-മായതിനാൽ-വിധി കൈ-ക്കൊണ്ടാൻ

തോപ്പിൽ വീണോരു-കുല രക്ഷാർത്ഥം
മൗനത്തോടെ-യേറ്റാനെല്ലാം

പര വിധി ചെയ്‌വാൻ-പൂഴി മുതിർന്നു
ശിക്ഷിച്ചീടാൻ-കരടു തുനിഞ്ഞു
ഉയിരിൻജ്വാലാ ഭീകര നഗ്നി

വിധി നിലയത്തിൽ-നിലകൊള്ളുമ്പോൾ
വാനോ, രൗഘം-ഞെട്ടി വിറച്ചു

നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ! മൊറിയോ.........

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായോരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ. ദേവാ!......

വിലയേറും നിണ വില വെള്ളി-
കൈക്കൊണ്ടാൻ ചതിയൻ യൂദാ
അന്ധൻ താമസരേക്കൂട്ടി-
ദ്യുതിയെ പിടികൂടാൻ വന്നു
പാവന രുധിരം ചോർത്തീടാൻ

ശപ്ത ജനം മോഹിച്ചേറ്റം
ദുർമ്മോഹം സാധിച്ചീടാൻ
പാരം ബദ്ധപ്പെ-ട്ടവരും ദേവാ!....

പ്രഭ,യുലകിനു നൽകുന്നർക്കൻ
തൻ മുഖകമലേ തുപ്പി ഖലർ
നിജ കവളിൽ ശപ്തർ തല്ലി
മൂടിയടിച്ചാക്ഷേപിച്ചാർ
അഖിലനു, മുയിരേകുന്നോൻ തൻ
ശിരസ്സിൽ വടിയാൽ താഡിച്ചാർ
ഖലരിവരെ പല ദേശത്തായ്
ചിതറിച്ചോൻ ദേവൻ-വന്ദ്യൻ ദേവാ!....

ഞങ്ങൾ......കൃപ തോന്നേണമൻപാൽ

**മദറോശൊ:**- തൂബൈക് ഒപ്രാഥ്..... എന്ന രീതി

1. അന്തിമ സന്ധ്യേ ! നീ ധന്യമതാം
നിങ്കൽ മെസ്രേൻ സന്ധ്യയൊടുങ്ങി
നിന്നിൽ പൂർവ,പ്പെസഹായുണ്ടോൻ
സുതനതിലായാൻ മഹതാം പെസഹാ
പെസഹായിൽ പെസഹാ കോർത്തു
പെരുന്നാളിൽ പെരുന്നാൾ ചേർത്തു
പൂർവ്വീകം നീങ്ങി-നവമായതു വന്നു-മർമ്മം നിറവേറി

2 നല്ലോരു സദനം നീ ധന്യയഹോ
നിന്നിൽ ഗുരു തൻ മെയ് ഖണ്ഡിച്ചാൻ
ചെറിയൊരു ഭവനം സൃഷ്ടിയ്ക്കെല്ലാം
പാരം ശ്രദ്ധേയമതാമെന്നും
സീനായ് ഗിരിയിൽ മോശാ നബിയാൽ
ചെറിയൊരു നിയമം നൽകപ്പെട്ടു
മഹതാം നിയമം -ചെറുസദനേ-നിന്നും
വികസി,ച്ചുലകെങ്ങും

3 ധന്യഗ്ഗേഹം!നിന്നല്പത്വം
ഉലകിതിലെങ്ങും മഹതായ് നിൽപ്പൂ
നിന്നിൽ ഭവിതം ലോകമതെങ്ങും
സീമയതെന്യേ വ്യാപിതമത്രെ
മംഗളകതിരീ,ന്നുളവാ,മപ്പം

നിന്നിൽ ഖണ്ഡിതമായതു ഭഗ്യം
മറിയാമിൻ ദ്രാക്ഷാ-നിന്നിൽ ചാറാക്കി-
പാവന കാസായിൽ

4. പൂർവ്വിക പെസഹാ നീക്കം ചെയ്ത
ദൈവിക കുഞ്ഞാടേ ശ്രേഷ്ഠൻ നീ
വന്നണയുന്നോൻ നിർമ്മലമാറിൽ
വിശ്രാമം കൊണ്ടതിലമരുന്നു
അതുലമതായൊരു ദൈവിക പെസഹാ
കൊണ്ടാടുന്നൊരു ഭവനം വന്ദ്യം
പ്രാകൃത മേഷം-ദൈവക്കുഞ്ഞാടിൻ-ഭാരമതേല്പിച്ചു

5. ധന്യം സദനം പ്രേഷിത വൃന്ദം
ഗുരു തൻ സവിധേ നിങ്കൽ ചേർന്നു
ശ്രീ, യാർന്നോനാം നിർമ്മല കുസുമം
പരിമളമവനിൽ തിങ്ങീടുന്നു
മോഹന പൂക്കളെ വെല്ലുന്ന
പാവന കോമള പുഷ്പം താൻ
ഭൂവിൽ വന്നു-കള ദ്രോഹിച്ചിട്ടും-സൗരഭ്യം തൂകി

## മറ്റൊരു സൂഗീസോ-

ആബൊക് സബ്വോഏഗർസോ..... എന്ന രീതി
നിബിയന്മാരാൽ പ്രവചിതനാം
ഈശാത്മജനെ! നീ സ്തുത്യൻ

1 വിജ്ഞൻ ശ്ളോമ്മോ ചൊല്ലിയതാ-
മത്ഭുത,മതു കേൾ ജ്ഞാനികളെ!
കേശജ്ജടയുള്ളിൽ പനിനീർ പോൽ മേവും
സുതനെ ദർശിച്ചാൻ മരുവിൽ
സവിശേഷം തൽ ഗ്രന്ഥങ്ങൾ

2 'ആരാണെന്നേ വിളി ചെയ്‌വൂ'
സഭ ചൊന്നകമേ നിന്നും
ഞാനാണെൻ പ്രിയയേ കനിവൊടു സുതനോതി
'മരുവിൽ നിദ്രതനാകുന്നേൻ
കേശം മഞ്ഞാൽ നനവാർന്നു'

3. തൻ ചാരത്താ, ഗത പരനെ
പകയൊടു തള്ളി യൂദസഭാ
നവ സഭയാദരവായ് കൈക്കൊള്ളുന്നവനെ
തിരുമെയ് ഏറ്റൊരു പാടുകളെ

ആശ്ലേഷിക്കുന്നിതു ഭക്ത്യാ

4. ശാലേം സഭയൊടു ചേർന്നീടാൻ
താത പരൻ പണ്ടാഗതനായ്
തന്നെയുപേക്ഷിച്ചും ബാലിനെ വന്ദിച്ചാൾ
ലക്ഷ്യം തെറ്റിച്ചീ കുലടാ
സത്യം ബോധിച്ചതുമില്ല

5 അന്യന്മാരോടിണ ചേർന്നോൾ
സുതനുടെ  തലയിൽ മുള്ളേറ്റി
അബ്രാഹാം ദുഹിത ദണ്ഡാലടിച്ചവനെ
സുഖമായ്  തൻ ഗേഹേ ചേരാൻ
നിജ സഭ സുതനൊടു യാചിപ്പൂ.

6. 'തൂത്തെൻ ഭവനം ക്ഷാളിച്ചും
ശയ്യയതിൽ പനിനീർ തൂകി
ക്രൂശങ്ങേറ്റതിനായ് പരിമളവും പൂശി
തയ്യാറായൊരു മേശയതിൽ
ചേർന്നാമോദിക്കുക നാഥാ!'

7. 'അങ്ങേ തള്ളിയൊരഭിസരണി
തൻ സദനെ നീ പൂകരുതെ
മമ, ചാരേ വരിക പ്രേമിച്ചങ്ങേ ഞാൻ
നിൻ പ്രഭ കണ്ടാനന്ദിപ്പാൻ
ജനകരെ വിട്ടിഹ, മാഗതയാം'

8. 'നിൻ പ്രേമാലാ മോദിപ്പാൻ
പാരം കൊതിയൊടു ഞാൻ മേവി
കണ്ടങ്ങേ കുരിശിൽ മൽ പ്രാണേശ്വരനെ
നിൻ മെയ്യേറ്റൊരു കഷ്ടതകൾ
നിന്നോ, ടെന്നെയടുപ്പിച്ചു.

9. നിൻ വധുവാകാൻ മെസ്രേനിൽ
നിന്നും മോചിത പൂർവ്വ സഭ
നിന്നെ വെടിഞ്ഞന്യ കാളയെ വന്ദിച്ചാൾ
നിരസിച്ചിതിനാ ലതിനെ നീ
താവകമാ, മെൻ ഗേഹെ, വാ'

10. കുരിശീന്നുളവാ, മുറവയതാ
ഉലകിനു പാനം നീ നൽകി
സഭ ചാരേ വന്നു മാലോടോതുന്നു

വീണ്ടും നീ വന്നീടുമ്പോ-
ളോർക്കണെ, മെന്നേയും  നാഥാ !

11. ഭിന്നിത യൂദക്കുല സംഘം
പരനിൽ നിന്നും വേർപെട്ട്
തന്നെയുപേക്ഷിച്ചും പരസംഗം ചെയ്തു
പകരം പ്രിയ ജാതീയ സഭയെ
നിജ പ്രിയ വധുവാക്കി ചേർത്താൻ

12. വഷളായതിനെ ബഹിഷ്ക്കരിച്ചു
തൽ സ്ഥാനേ ചേർത്താൻ തിരുസഭയെ
പ്രിയ വധുവിൻ നിലയിൽ അതിനെ
കൈക്കൊണ്ടു
സഭ നീയും സുത ദേവന്നായ്
കീർത്തനമാലപിയ്ക്കെന്നും

13 മശിഹായേ! സ്നേഹിച്ചതിനാൽ
താനതിനേകീ, ഭാവുകവും
ദ്വീപുകൾ തർശീശും വന്നു നമിച്ചതിനെ
ശാബാ സാബാ ഭൂപതിമാർ
അർപ്പിച്ചതിനായ് കാഴ്ചകളും

14. സവിധേ കോമളയായ് സതതം
മേവാൻ, വരണം ചെയ്തതിനേ
നിജ പ്രിയ മണവാട്ടി മറ്റെല്ലാരേക്കാൾ
സുന്ദരിയായ്-കണ്ടിട്ടതിനെ
നിൻ കരതാരിൽ സ്ഥാപിച്ചു.

15. ക്രോധം പകയോ, ടഹങ്കാരം
ഈ വിധ ദോഷം ചേരാതെ
പരമാർത്ഥത സൗമ്യം  വിമലതയോടഴകും
ചേർന്നീടും പ്രാ,വെന്നതുപോൽ
പാവന സഭയും  ചേരുന്നു.

16. നിന്നെ  രുധിരാൽ രക്ഷിച്ച
നാഥനു സ്തുതി നീ ചെയ് സഭയെ!
കന്നത്തടിയേറ്റും സ്വാതന്ത്ര്യം തന്നാൻ

തിരുമാറിലെ, യൂറ്റിൽ നിന്നും
ഉലകിനു ജീവ, ജലം വാർന്നു.

## ഏവൻഗേലിയോൻ
## രണ്ടാംകൗമാ

ഹാശായുടെ കൗമാ

**എക്ബോ:-**

ആബെക് സബ്വോ ഏഗർസേന..... എന്ന രീതി
ക്രൂശാൽ രക്ഷിത ജാതികളെ
കുടിലനു കഷ്ടം ചൊന്നിടുവിൻ
കുറി.......കുറി........കുറിയേലായിസോൻ
ഞങ്ങളുടെ കർത്താവേ!........... ഇത്യാദി

## പ്രുമിയോൻ
## കോലോകൾ

ബ് സപ്രൊഹ് സാവുയ്തൽ മീദെ....... എന്ന രീതി
സന്ന-ദ്ധൻ ഞാൻ പീഡയ്ക്കായ്
ശിഷ്യഗണത്തൊടു ഗുരു ചൊന്നാൻ
ഹിതമോടെ മൃതി ചേർന്നീടാൻ താതനയച്ചെന്നെ നിങ്ങൾ
ഖേദിക്കരുതെൻ മരണത്തിൽ
ഉയിരോടുത്ഥിതനാകും ഞാൻ ബാറെക്മോർ. ശുബഹോ.....
താതൻ-സവിധേ, യേറും ഞാൻ
ദുഃഖിക്കരുതെൻ ശിഷ്യന്മാർ
ഞാനങ്ങു ഗമിച്ചീടായ്കിൽ പാവന റൂഹാ! വരുകില്ലിങ്ങും
ഞാനും താതനു,മുണ്ടിവിടെ
അന്ത്യം വരെ നിങ്ങൾ കൂടെ മൊറിയോ......

## എത്രോ (ധൂപ പ്രാർത്ഥന)
## വീണ്ടും കോലോകൾ

കൂക്കോയോ............ എന്ന രീതി
പാപിനി തൈലം പൂശുമ്പോൾ-നിൻ പാ-പം പോയ്
ഏവം ഗുരു ചൊന്നൊരു നേരം-ശ്രോതാ-വാം യൂദാ
തന്നകതാരിൽ സാത്താനുൾ പൂകി
വഞ്ചക ഹൃദയൻ ചിന്തിച്ചാനെതിരെ
അഗതിക്കഷ്ടിയ്ക്കൊക്കാതെ-തൈലം-ന-ഷ്ടം

മൂന്നു ശതപ്പണ, മതിനിതിനെ -വില്ക്കാ-ഞ്ഞതു, മെന്താം?
ഹാലേലുയ്യാ-ക്ഷുല്പീഡിതർക്കേകാൻ

ബാറെക്മോർ ശുബഹോ

'ഭ്രമ മരുതാചാര്യന്മാരെ' -ചൊന്നാൻ-യൂ-ദർ
ശിഷ്യരിലേകനേല്പിക്കും -യേശു-വിനെയിന്ന്
ഗുഢ കരാറും ചെയ്താനെങ്ങൾക്ക്
വരു മമ, ശിഷ്യൻ നിശയിലീ ഭവനെ
മശിഹായേ! മുപ്പതു വെള്ളി-യ്ക്കവനേ-ല്പി-ക്കും
പോരന്നാലധികവുമേകി-ത്തൻ-ഗു-രുവേ വാങ്ങിൻ
ഹാലേലുയ്യ-ദുർഭഗനായൂദാ

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!
ദ്രവ്യ സ്നേഹി-ഗരുവേ വിറ്റ്
സ്വയ,ഹത്യയ്ക്കായ്-പാശം വാങ്ങി
ശിഷ്യഗണത്തിൽ പതിവായ് പാർത്താൻ
തക്കം വന്നാൽ-ലക്ഷ്യം ചേരാൻ
ഒളിവിൻ സമയം-നോക്കിപ്പാർത്തു
ലോക,മെരിയ്ക്കും-വഹ്നി,യണയ്ക്കാൻ
കണ്ടക മുള്ളും-കാരയുമൊത്തു
നിജ ശൈത്യത്താൽ താളടി വന്നു
പിടി കൂടീട്ടും-കൃപയാൽ നീചർ
തൻജ്വാലയതിൽ-വെന്തതുമില്ല
വാനവ,മാനവരഖിലരുടെയും
വായിൽ നിന്നും -സ്തുതിതേ ചേരും
സ്രാപ്പികളാർക്കും ക്രോബകൾ പാടും
നിൻ രക്തത്താൽ-രക്ഷിത നരരും
വന്ദിച്ചങ്ങേ-വാഴ്ത്തി നമിക്കും
നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ!

മൊറിയോ......

# മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം ദേവാ!.......

വഞ്ചക ശിഷ്യാ-എന്തിനു ദാനം നഷ്ട,മതാക്കി
ശീമോനെന്നതു പോലെ നിനക്കും ഗുരു തന്നല്ലോ
നിന്നാൽ സൗഖ്യം കൊണ്ടോർ നിന്നെ നോക്കിക്കരയും
കുഷ്ഠവിമുക്തർ തവ പതനത്തിൽ ദുഃഖിതരാകും ദേവാ!.....

ചതിയൻപതി തൻ നന്മകളെല്ലാം ദൂരത്താക്കി
ഗുരുവിന്നെതിരെ ക്രൂശകരോടായ് സഖ്യം ചെയ്തു
ഗുരുവിനെ,യൊറ്റാൻ കോഴയെ വാങ്ങി ശപഥം
ചെയ്താൻ
ലോക നിയന്താവിൻ വില യൂദാ പരിമിതമാക്കി ദേവാ!.......

യീഹൂദ്, ഗലീല ദേശങ്ങളഹോ ഖേദിക്കുന്നു
ശ്ലൈഹികമാം നിൻ പ്രഭ പോയെന്നതു വിശ്രുതമാകും
ആരും ഗുരുവെ! ദ്രോഹിച്ചില്ല നിന്നെപ്പോലെ,
ഗുരു ശിഷ്യന്മാർക്കെല്ലാം നീയോ ഭീകരനായി! ദേവാ!.......

ക്രൂശക ഭ്രാന്തർ പരസുത മൂല്യം ചതിയനു നൽകി
അവരിലു,മേറ്റം ഭ്രാന്തൻ യൂദാ-ഗുരു വില വാങ്ങി
ശിഷ്യ പദത്തീ,ന്നിവനെ തള്ളാതൊരു സർവ്വേശൻ
തന്നുടെ ക്ഷമയും വിനയവുമെല്ലാ മത്ഭുത ജനകം ദേവാ!..

ഗുരു,വാരെന്നതു കാണിച്ചീടാ, നാരാഞ്ഞ ജനം
വഞ്ചകനൊത്തൊരു വാഗ്ദത്തംപോൽ കോഴകൊടുത്തു
ഭൂഷണ, വാഹന, ചര്യകളെന്നിവയൊന്നിൽ പോലും
ഗണ, നായകനായ് കാണുന്നോർക്കൊരു തെളിവില്ലാഞ്ഞു
ദേവാ!.......

ശിഷ്യ വിനീതന്മാരെയെടുത്ത സൗമ്യ സുതേശാ!
വഞ്ചന ചെയ്തൊരു യൂദാ നിന്നെ വിട്ടുപിരിഞ്ഞു
നിന്നുടെ പീഡകൾ പാവന സഭ,യിതിനാക്കുക, കോട്ട
സ്തുതി, യങ്ങേയ്ക്കും നിൻ താതനും നിൻ റൂഹായ്ക്കും
ദേവാ!.......

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം
ദേവാ!...

**ഊനീസോ:-**

ആബൊാക് സബ്‌വോ ഏഗർസോ........ എന്ന രീതി

1. ശിഷ്യന്മാർ തൻ പന്തിയതിൽ
സുഖ ഭോജനമേറ്റാൻ യൂദാ
തിരു മേശയിലശനം ജീവജലം പാനം
സൌമ്യ കുഞ്ഞാടിൻ ഭാവം
ഇടയനെ ദ്രോഹിപ്പാൻ, ചെന്നായി

2. ശ്ലീഹന്മാരുടെ സ്ഥാനത്തിൽ
ഗണമൊത്തൊരു പീഠം വാങ്ങി
സാത്താനസൂയാലും ചതിവാം കണി പാകി
പൈശാചികമാം വലയത്താൽ
ഭീകര കൂപത്തിൽ വീണാൻ

3. യൂദാ ഘാതക സഖ്യത്താൽ
വഷളന്മാർ പക്ഷം ചേർന്നു
ശിഷ്യഗണം വിട്ടും വൃക പറ്റം ചേർന്നു
ഭാസുര ദീപ, മുപേക്ഷിച്ചും
താമസ സഖ്യത്തിൽ ചേർന്നു.

4. രുധിരാ, ലുലകം വീണ്ടോനെ
വില വാങ്ങാൻ വിറ്റാൻ യൂദാ
സ്രഷ്ടാ തൻമൂലം വാങ്ങിയ ഘാതകനിൽ
ക്ഷോഭം പൂണ്ടുയിരേ വാനം
കോപിച്ചേറ്റം ക്ഷോണിയതും.

5. ചുംബന, മതിലെന്തിനു ശിഷ്യ!
ദുഷ്ടർക്കെന്നെ നീയൊറ്റി
കീപ്പായ്ക്കൊപ്പം തേ ചേർത്തേൻ സ്നേഹത്തിൽ
മാനിച്ചേനവരേപ്പോലെ
എന്തിനു വിദ്വേഷിച്ചെന്നെ

6. കണ്ടാരിൽ മമ, സ്നേഹം പോൽ?
വഞ്ചകനാം ചതിയൻ യൂദാ
നിൻ കാൽ ഞാൻ കഴുകി എന്തു കുറച്ചേൻ തേ
ചെയ്തേ, നതി ബഹുമാനം തേ
ദുർഭഗനാം നീ വഞ്ചകനായ്

7. ശിഷ്യ പ്രിയമതിലൊട്ടും ഞാൻ
നിന്നൊടു കുറവാക്കീട്ടില്ല
പാഠം സവിശേഷം തന്നു നിനക്കായ് ഞാൻ
പണ സൂക്ഷിപ്പെല്ലാം നിങ്കൽ-
ത്തന്നെ ഞാനേല്പിച്ചല്ലൊ.
ഗുരുവായ് കൈക്കൊണ്ടെന്നെ നീ
അധുതാ, നീ വഞ്ചക സഖിയായ്
വഞ്ചക ബന്ധു നീ ഇനി നീ മമ, വൈരി
വലഭാഗത്തലവൻ ഞാനും
ഇടമതിൽ നീയും ദുർഭഗനെ.

ഞാൻ ചേർത്തൊരു ശാന്തഗണം പോൽ
നീയും ചേർത്തന്യ ഗണത്തെ
ശ്ലീഹന്മാരെ ഞാൻ ക്രൂശകരെ നീയും
സാത്വിക ശിഷ്യന്മാരെ ഞാൻ-
നീയോ, കയ്യാപ്പാവൃന്ദം.

യൂദായെപ്രതി ഭൂ, വാനം-
സർവ്വം താപാൽ കേഴുന്നു
ശിഷ്യന്മാർ കൂട്ടം വിലപിച്ചോതുന്നു
ചതി ചെയ്തോനാം വഞ്ചകനെ!
നിൻ വ്യാപാരം നഷ്ടമതായ്.

**മറ്റൊരു സൂഗിസോ:-** കുംപൗലോസ്.......... എന്ന രീതി
ഗൂഢാർത്ഥ-ങ്ങൾ തെളിയിച്ചോൻ സ്തുത്യൻ
മുക്തിദമാം-ബലി, യായോൻ വന്ദ്യൻ.
യൂദാ പോയ്-താമസരിൽ ചേർന്നു
ദ്യുതി വിട്ടും- കുരിരുൾ സ്നേഹിച്ചാൻ
ഭാസുരനാം-രവിയെ കാണാതെ
നിജ നയനെ-കാഴ്ചയുമില്ലാതാ-യ്
ശിഷ്യൻ നീ യൂദാ ഘോഷക പ്രേഷിതനെ
ചതിവോടേവൻ തിൻ ശോഭയെ മോഷ്ടിച്ചു
ദുർഭഗനെ-പതിതൻ നീയല്ലോ
മരണ വിഷം-തിങ്ങീടും പാത്രം
അധികാരം -കൈക്കൊണ്ടൊരു ശിഷ്യ!

എന്തിനു-നിൻ സ്ഥാനമുപേക്ഷിച്ചു?
പ്രേക്ഷിതനെ-മന്ദിര കാര്യസ്ഥാ!
എന്തിന്നായ് നീ -ധനവാനെ വിറ്റു?
വില മതിയാത്തോനെ വിൽക്കരുതെ ഭോഷാ!
ദ്രവ്യക്കൊതി മൂലം  നീ വിറ്റീടുന്നോ?
അഖിലത്തിൻ-സ്രഷ്ടാവാം തന്നെ
വിറ്റെന്നാൽ ശപ്തൻ നീ, യാകും

ഞെട്ടുക നീ-ദുർഭഗ! വിൽക്കരുതേ
ഈ വന്ദ്യൻ-വിലയതിനു മതീതൻ
പാതകരാം -ആചാര്യന്മാരും
നിന്ദിച്ചാ-ഗുരുവെ വിറ്റോനെ
ഉയരവു, മാഴമതും സ്ഥിതമാം, ഗുരു കൈയ്യിൽ
നീജ വിധിയാലുളവായ് ബോധിച്ചതു നീയും
സുത പരനെ-എന്തിനു നീ വിറ്റു?
തൻ വിലയായ്-പാശം നീ കൊണ്ടു!

എവിടെയ്ക്കായ്-യൂദാ പോകുന്നു!
വാനമധു-പാനം ചെയ്തോനെ !
എന്തിനു നീ -ദീപം വിട്ടോടി
കൂരിരുളിൽ-നീ പൂകിടുന്നു
കഷ്ടം!, സ്നേഹിതനൊ വാനിൻ വ്യാപാരി
നിൻ ധനമാർമാറ്റി വകകൾ മോഷ്ടിച്ചു?
ഗുരുതപുവേ,-അന്യനു, മായോനെ!
പ്രിയ സഹജാ! നീ, യതി ദുർഭഗനാ-യ്

യൂദാവെ-നീ തള്ളപ്പെട്ട്
അറിവോടെ-ദൂരെപ്പായുന്നു
ശിഷ്യന്മാർ-തൻ നിര ഭേദിപ്പാൻ
എന്തിന്നായ്-വഞ്ചക! സംഭ്രാന്തി
പന്തിരു  പേരുറ്റ സവിശേഷ സംഘം
ദ്രവ്യ സ്നേഹത്താൽ ഭേദിച്ചല്ലോ നീ
ഘാതകനാം- ശിഷ്യാ! നീ മേലാൽ
എന്നേക്കും -കഷ്ടം കൈക്കൊള്ളും

കൂററ്റോ-രുറ്റവനാം യൂദാ!
എന്തിന്നായ്-ചതിവന്ദനമോതി
നിൻഗുരുവെ-ന്നെന്തിനു നീ ചൊല്ലി

വഞ്ചകനെ! നീ,യെൻ ശിഷ്യനുമല്ലാ-
ഘാതകനായോൻ നീ വഞ്ചക സ്നേഹിതനായ്
അക്രമവും ചതിയും പഠിപ്പിച്ചില്ല-ഞാൻ
ദുഷ്ടതകൾ- നിന്നെ പഠിപ്പിച്ച
മറ്റൊരുവൻ-താവക ഗുരുവത്രെ

7. ഭാഗ്യമതും-നൽബഹുമതിയും തന്നേൻ
ഞാൻ തന്നോ-രധികാരം മൂലം
നീയേകി-സൌഖ്യമതേവർക്കും
യാതൊന്നും തേ-ഞാൻ കുറവാക്കിയില്ല
ആരോഗ്യം നൽകാൻ ഞാൻ തന്നധികാരാൽ
ഭൂതം നീ പോക്കി പൈശാചിക ഗണവും
ഏവം ദാ-നങ്ങളിലേതൊന്നാൽ
നിൻ ഗുരുവേ നീ ഒറ്റീടുന്നു

8. ഹേതുവിനാ, -ദ്രോഹം ചെയ്തോനെ
എന്തിന്നായ്-വടിയും വാളുകളും
എന്നെ നീ -വിട്ടവരൊടു ചേരാ-ൻ
എന്തിഹ, തേ-കയ്യാപ്പാ-നൽകി!
ഇനി ഗുരുവെന്നായ് നീ യെന്നെ വിളിക്കല്ലെ
നിശ നിൻ സുഹൃത്തും ഇരുളതു നിൻ കൂടും
വലഭാഗ-ത്തിന്നധിപൻ ഞാനത്രെ
ഇടമതിൽ നീ-തലവൻ, തേ കഷ്ടം!

9. യൂദാവേ! പോകുക ഹത്യയ്ക്കായ്
ലഭ്യമതാം-ദ്രവ്യം ശൂന്യം താൻ
ദുർഭഗനെ-പ്രാപിക്കുക നരകം
ഹിതമായി-ട്ടതു നീയാർജ്ജിച്ചു
പ്രിയമായ് നീ ചേർന്ന ഇരുളുള്ളിൽ പോക
ഒളിയെങ്ങും ചേർക്കും ദ്യുതിയേ നീ തള്ളി
പോകുക നീ-കഷ്ടം തേയെന്നും
വഹ്നിയതിൽ-ദണ്ഡന, മേൽക്കുക നീ!

## ഏവൻഗേലിയോൻ

## മൂന്നാം കൗമാ

ഹാശായുടെ കൗമാ

**എക്ബോ**-ആമ്മൗ ആമ്മേ തൗ സുസ്ശ്മാ..... എന്ന രീതി

സ്തുതി തേ കർത്താ! വാനം ഭൂ-വെല്ലാമങ്ങേ വന്ദിപ്പൂ.

കുറി.....കുറി.........കുറിയേലായിസ്സോൻ
ഞങ്ങളുടെ കർത്താവേ.........ഇത്യാദി
സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ

## പ്രുമിയോൻ

## കോലോകൾ

കൂക്കോയോ......... എന്ന രീതി

ശിഷ്യരു, മായാഥിത്യത്തിൽ-ശീമ്മോൻ-ഗേ-ഹേ
ഈശോ! യാഗതനായെന്നായ് കേട്ടാൾ-പാപിനിയും
മർമ്മജ്ഞൻ താൻ സവിധേ പോകും ഞാൻ
വിശ്വാസത്തോ-ടിതു ചൊന്നാൾ സ്വയമെ
പാപ,ഹരൻ മമ, പിഴ, യഖിലം-മോചി-ച്ചേ-ക്കാം
ഇല്ലെന്നാലും പാവനനെ-കണ്ടാ-ലും ഭാഗ്യം
ഹാലേലുയ്യ-മോചന, മാർജ്ജിച്ചാൾ ബാറെക്മോർ
ശുബഹോ.............

തൈലം ഗുരുതൻ മെയ്യിലവൾ-വീഴ്ത്തു-ന്നൊരു കാഴ്ച
വഞ്ചക ശിഷ്യൻ സ്കറിയോത്താ-ദർശി-ച്ചൊരു നേരം
നീരസ, മോടെ ചൊന്നാൻ ക്രുദ്ധിതനായ്
എന്തിനു നാശം ചെയ്യുന്നതു പാഴിൽ
മൂന്നു ശതം പണ, മതിനിതിനേ-വിറ്റും-കൊ-ണ്ട്
ഉത്സവ, മതിലഗതി, കളിടയിൽ ദാനം -ചെയ്യരുതോ
ഹാലേലുയ്യാ-കഷ്ടം ദുർബുദ്ധേ മൊറിയോ......

## **എത്രോ** (ധൂപപ്രാർത്ഥന)

## വീണ്ടും കോലോകൾ

സൊഹദേ ആഫീസൂനോയ്....... എന്ന രീതി

സർവ്വജ്ഞൻ പരനെ വില്പാൻ-നീചൻ യൂദാ, യീ
നിശയിൽ
ഗൂഢാൽ പാതകരൊത്താലോ-ചന ചെയ്താൻ കഷ്ടം
വഞ്ചന തിങ്ങും രോഷത്താൽ-പരസുതവില നിശ്ചിത-മാക്കി
നിജ ഗുരു വരനെ, യേല്പിച്ചാൻ-നീചന്മാർ പക്കൽ
ശുബഹോ........... ബാറെക്മോർ.......
കാസായിൽ മുക്കിയപൂപാൽ-വഞ്ചകനെ ഗുരുകാണിച്ചാൻ

ഒറ്റുന്നോനാരെന്നർത്ഥം-ബോധിച്ചാർ ശിഷ്യർ
മഹിമ കുനിച്ചാ, ഗതനീശൻ-ശുശ്രൂഷിപ്പാനടിയാരെ
മെയ് രുധിരങ്ങൾ ഭാഗിച്ചാൻ തൻ വിനയം സ്തുത്യം

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!
നിർമ്മലകുഞ്ഞാ-ടീ, രാവിങ്കൽ
ചതിവിൻ ക്രിയയെ-തെളിവായ് ചൊന്നു
നിങ്ങളിലേകൻ മമ, വില വാങ്ങി
സ്വാതന്ത്ര്യത്താൽ-കഷ്ടത നഷ്ടം
പൂണ്ടവനേൽക്കും-ജീവനു നാശം

2. ആട്ടിൻ പറ്റം-പെസഹാഭൂജിച്ചാ-
ദിവ്യജമോടു-പറ്റിച്ചേർന്നാർ
നാഥാ! നിന്നെ -യാരൊറ്റീടും
ചോദ്യം ചെയ്താർ-താപത്തോടെ
തൻഗുഢാർത്ഥം-തെളിയിച്ചീടാൻ

3. ദ്യുതി ധാരികളാം-ഭാസുര ദൂതർ
വാനോ രൗഘം-വിട്ടാഗതനെ!
ഹീനത, യേൽക്കാൻ കൃപ വിളി ചെയ്തു
ആദാം പേർക്കായ്-കോടതിയേറാൻ
വരുമാറവനേ-നീ സ്നേഹിച്ചു

4. ഉയിരിൻ ബലിയെ!-ആരാദ്ധ്യജമേ!
പരനുടെ സുതനേ!-ശ്രീ മംഗളമേ!
ജീവ സ്വനമേ! പാവന നിണമെ!
നിന്നെ തള്ളും-ദുഷ്ടരെ നീക്കി
നിന്നെ വാഴ്ത്തും-സഭയെ ചേർക്ക

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ! മൊറിയോ......

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ സ്കീപ്പാമൃതി കഷ്ടതകൾക്കായ് വന്നോനെ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം ദേവാ!...

അജമാം പെസഹാ കൈപ്പിൽ നാഥൻ ശിഷ്യർ കൂടെ
സന്തോഷത്തൊടു ഭക്ഷിച്ചെന്നതു വിസ്മയ ജനകം

കൈപ്പിൻ ഭോജ്യം നിജ മൃതിയതിനെ ദ്യോതിപ്പിച്ചു
നമ്മുടെ ഭൂവിൽ മൃതി താനേറ്റതു വിദിതം തന്നെ ദേവാ!...

തൻ മൃതി സൂചന-യായി, ക്കർത്തൻ കൈപ്പാ,സ്വദിച്ചു
കഷ്ടത മാർഗ്ഗേ ഗമനം ചെയ്തും-വ്യഥയും മാലും
കെല്പൊടു പേറാൻ സ്വയമെ, തന്നുടെ ലക്ഷ്യം വച്ചാൻ
'ഒറ്റിടു,മെന്നെ നിങ്ങളിലേകൻ' പ്രിയരൊടു ചൊന്നാൻ
ദേവാ!...

അജ്ഞൻ താനെ-ന്നാരും നിനയാതാവാൻ ചൊന്നാൻ
സർവ്വജ്ഞൻ താൻ പറയാതിതുവരെ മൗനം കാത്തു
തേജോ, മയനാം രവി, യോടനുഗത മാർഗം വിട്ടും
കാറും തമസ്സും പെരുകും വഴിയേ, യാർ പോയീടും
ദേവാ!...

ഭാസുര, മായോ രഹസ്സതു വിട്ടും കുരിരുളാലും
ഭീകര നിശയിൽ ഏവൻ സ്വയമേ കൂടിച്ചേരും
താനെ ചെന്നൊരു ചെന്നായായിട്ട,തി ഗുണവാനാം
ഇടയൻ തന്നെ ദ്രോഹിച്ചീടാ, നാർ മോഹിക്കും? ദേവാ!...

താത ദ്യുതിയേ! ജ്വാലക പ്രഭയേ! ആരൊറ്റും തേ
തവ ഹിതമെന്യേ ആർക്കാ മേനി തൊടുവാനാകും
ഗുരുതൻ വ്യഥയിൽ പെരുതാം കദനം പൂണ്ടാ ശിഷ്യർ
വഞ്ചക,നാരെന്നറിവാനവരങ്ങുത്സാഹിച്ചാർ.
ദേവാ!...

പൌരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം ദേവാ!...

## സൂഗീസോ:-
ശുബഹോ ലോക്മോർ ദ് ലോക് സോഗദോൻ

സ്തുതി തേ നാഥാ! വാനം ഭൂ-
വെല്ലാ, മങ്ങേ വന്ദിപ്പൂ
ഭവ, മാഗമതാൽ പാപികളെ
കൈക്കൊണ്ടതിനാൽ സ്തോത്രം തേ

പാപഹരൻ ഭൂവിൽ വന്നു
ദാവീദു സുതയിൽ മെയ് പൂണ്ടു
തൻ ഭയ വീര്യ പ്രേരണയാൽ
നരജാതം ചെയ്താനീശൻ.

മെയ് രോഗാത്മക്കറകൾ താൻ
നരരിൽ നിന്നും നിഹനിച്ചു
അത്ഭുത,മടയാളവുമേറെ
ധരയിൽ ചെയ്താൻ സവിശേഷം.

വിളി ചെയ്താൻ കാരുണ്യേശൻ
പല വിധ നരരേ,യുപദേശാൽ
പാപികളെയും തൻ മാർഗ്ഗേ
ചേർത്താനമ്പാൽ വൈകാതെ

അത്തിയിൽനിന്നും സാക്കായെ
പടകിൽ സബദീ സുതരെയും
ശമറാംഗനയെ കിണറ്റിങ്കൽ
ശീമോൻ ഗേഹേ പാപിനിയെ

ചൊന്നവളീശ്വര മെയ് ധരനെ-
കണ്ടീടാൻ ഞാൻ വാഞ്ഛിപ്പേൻ
സാക്കായെ ചേർത്തതു പോലെ
അൻപോടെന്നെ കൈക്കൊള്ളും.

പശ്ചാത്താപം പൂണ്ടോളാ-
മിവളെ സാത്താൻ കണ്ടെത്തി-
തരുണീ ചാരേയാഗതനായി
സൗഹൃദ ഭാവേ ചൊന്നേവം.

എന്തു ഭവിച്ചെൻ യുവതീ !തേ-
സംഭവമെല്ലാം ചൊന്നാലും
നിന്നിഷ്ടന്മാർ കോപിച്ചോ?
കരയരുതവരെ, യടക്കും ഞാൻ.

പര സുത ചാരേ നീ പോകിൽ
ദൂരെത്തള്ളും നിന്നെയവൻ
നിന്നുടെ പിഴയിൽ കോപിക്കും
ലജ്ജിതയായ് നീ പിൻ വാങ്ങും

വിധി നാഥങ്കൽ പോയെന്നാൽ
ന്യായത്താൽ ശിക്ഷിച്ചീടും
പാപ,ച്ചെളിയിൽ താണോൾ നീ
എന്തിന്നവിടെ പോകുന്നു?

ഗുരുപരിശുദ്ധൻ നീ കുലട
ഉരുകും നീ തന്നൂഷ്മാവാൽ
ജാതയഹോ നീ പാപത്തിൽ
താനൊ സതതം പരിശുദ്ധൻ.

കഷ്ടം സുമുഖി നീ പോകിൽ
ശിക്ഷിത തന്നെ നിഷ്ക്കരുണം
പന്തിരു ശിഷ്യർ തൻ കൂടെ
രുഷയൊടു നിന്നെ പായിക്കും.

എന്തിഹ ചെയ്യും വേശ്യേ നീ
ആരുടെ പക്കൽ പോകുന്നു?
കന്മഷ പുരുഷൻ മുമ്പല്ല!
ഭ്രാന്തോ യുവതി! നിനക്കിപ്പോൾ.

തരുണീ പോകായ്കിൽ നന്ന്
മറിയ സുതങ്കൽ പോകൊല്ലേ
ക്രുദ്ധൻ താൻ, നീ, യറിയില്ല
പോകിൽ മൃതയായ് പോകും നീ

എന്തു ഭവിച്ചെൻ കുറുപ്രാവേ
എന്നോട, കലാനാരോതി
പോകാൻ ഭാവം കാണുന്നു
പോകിൽ സ്പഷ്ടം നിൻ നാശം!

ഹുങ്കൊടു കുടിലത ചേർന്നോളെ!
ദുർവൃത്തിൽ മൃതി പൂണ്ടോളെ!
ഉണ്ടനവധി നിൻ പ്രേമികളും
എന്തിന്നവിടെ പോകുന്നു?

തെരുവിൽ നിത്യം  നീ പോയി-
ട്ടനവധി പ്രേമികളെ കൂട്ടി
നിന്നെയവർ തേടുന്നിപ്പോൾ
അവർ സവിധത്തിൽ പോകുക നാം

ഉടയോൻ ഞാനെ, ന്നടിയാൾ നീ
എന്തിനു പിരിയുന്നെന്നെ നീ
ചിരമെൻ കൂടെ, പണി ചെയ്തി-
ട്ടെന്നെ വെടിഞ്ഞ, ഹമറിയാതെ.

നിന്നിലെഴുന്ന, ത്ഭുത ലക്ഷ്യേ
ലോകത്തിൽ സ്തുതി പൊങ്ങീടും
വഷളർ നിന്നൊടു ചേർന്നീടാ–
നിനിയും മുതിരുകയില്ലൊട്ടും.

സവിശേഷ, പ്പരിമള തൈലാൽ
തൻ കേശം ഭൂഷിത, മനിശം
നിന്നാലർപ്പിത പരിമളമോ
കേവല പൂഴിക്കൊത്തതു താൻ.

അഞ്ജനമതു പൂശിയ കൺകൾ
നിന്നഴകത്ഭുത,കരമാക്കി
നിൻ പ്രിയരൊട്ടു മടങ്ങാതെ
വാഞ്ചിപ്പതു ഞാനറിയുന്നു

നീ പാടിയ സംഗീതത്താൽ
തെരുവിൽ പൌരർ വിസ്മിതരായ്
വാസര, മേതുമടങ്ങാതെ
രോദന, മവിടെ കേൾക്കുന്നു

പരിമള പാത്രവുമായ് തെരുവിൽ
എന്തിനു നീ പോയീടുന്നു?
നിന്നിഷ്ടന്മാ,രൊത്തിനിയും
മോദിപ്പാൻ മോഹിക്കുന്നോ?

വിലയേറും മാണിക്യത്താൽ
ശോഭിത,മായൊരു നിൻ മേനി
ഇന്നോ മാലയുമില്ലാത്ത
വിധവയ്ക്കൊപ്പം നീ വന്നു.

കരയും നിന്നെ പ്രതിയാരും
നീ കേട്ടില്ലേ സദ്വാക്യം
പോയ് വന്നിടുക ലജ്ജിതയായ്
നിൻ വാക്കിനി ഞാൻ കേൾക്കില്ല.

പാപിനി സാത്താനൊടു ചൊന്നാൾ
ഇനി മതിമതി നിൻ ദുർഭാഷ്യം
നിൻ വേഴ്ചയിലെൻ മെയ്യാത്മം
ബഹു പാപത്തിൽ ജീർണിച്ചു.

താപികളെ സ്നേഹിപ്പോനാം
ഗുരു ഈശോയെ! സ്നേഹിപ്പേൻ
പൊളി ചൊന്നീടും നിന്നേയും
തവ പ്രിയ, ഗണവും വെടിയും ഞാൻ.

ത്യാജ്യമതാം നിന്നുടെ വേഴ്ച
നിരസിക്കുന്നു ഞാനിനിയും
നിന്നെ യുപേക്ഷി,ച്ചുയരോനെ
സ്നേഹിപ്പോനേറ്റം ധന്യൻ.

അനുതാപികളെ ദ്വേഷിക്കും
നിൻ വാക്യം ഞാൻ കേൾക്കില്ല
നിന്റേതായ് ഞാനിന്നോളം
ഇനി മേലീശന്നുള്ളോൾ ഞാൻ.

അനുതാപികളെ സ്നേഹിപ്പോൻ
ദൈവസുതൻ കോപിയുമല്ല
താതൻ കാരുണാ വാരിധിയാം
താപികളോടൻപുള്ളോനും.

നിൻ വാക്യം കേൾക്കുന്നാകിൽ
ഞാനുലകിൽ കുത്സിത തന്നെ
ഗുരു ദയ ജഗദതിലും വലുതാം
മൽപിഴ പോക്കാനവനല്പം.

കരുണയെഴുന്നൊരു  വിധിനാഥൻ
താപികളെ, ച്ചാരെച്ചേർക്കും
ജീവനിലും മൃതിയതിലും ഞാൻ
ഗുരുപദ കമലം വന്ദിക്കും

പരിശുദ്ധൻ താൻ സാത്വികനും
പാപം തന്നെ തീണ്ടില്ല
പാപക്കടലിൽ പൂണ്ടൊരു ഞാൻ
പാവനയാകാൻ പോകുന്നു.

താപികളെ വിദ്വേഷിക്കും
നിൻ പേർക്കായ് നാശം തന്നെ
ഗുരു തൻ പന്തിരു ശിഷ്യന്മാ-
രെൻ പേർക്കർത്ഥിക്കും സവിധേ.

തൈലപ്പാത്രവു,മേന്തിയവൾ
ഗുരുതൻ ചാരേ, യാഗതയായ്
കണ്ണീരൊടു സവിധേ ചേർന്നും
തൃപ്പാദം തൈലം പൂശി.

നിജ കേശത്താൽ തോർത്തിക്കൊ-
ണ്ടത്യാദരവാൽ ചുംബിച്ചു
ബഹുവാം തൻ പിഴ മാലിന്യം
കൃപയൊടു കഴുകാൻ യാചിച്ചു.

അൻപേറുന്നോൻ പരനേശു
താപനിയാളെ,ക്കണ്ടുടനെ
നിൻ പിഴ,യഖിലം മോചിതമായ്
മംഗളമായ് പോകെന്നോതി.

തൃപ്പാദം ചുംബിച്ചോളാം
പാപിനി മോചനം, മേറ്റതുപോൽ
നിൻ മെയ് രുധിരം ഭക്ഷിച്ച
ജന, മതിനേകുക പരിഹാരം.

ഈശോ! നിന്നാൽ രക്ഷിതരാ-
മഖിലരിൽ നിന്നും  സ്തുതി നിത്യം
അനവരതം  സ്തുതി, യങ്ങേയ്ക്കും
തവ താതന്നും റൂഹായ്ക്കും.

## ഏവൻഗേലിയോൻ

ഹാലേ-ഉ-ഹാലേ-ഉ-ഹാലേ-ദൈവമേ നിനക്കു സ്തുതി
(മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ
നാം ദൈവത്തിന്റെ  പുത്രന്മാരാകുവാൻ........ഇത്യാദി
മറിയാം പറഞ്ഞതെന്തന്നാൽ.........ഇത്യാദി

**മൗർബോ.** ലെക് ദലയേൽ മെൻ ഹൗനോ........എന്ന രീതി

സ്തുതി  തേ ദേവാ! സദനേ-നിൻ കൂറാൽ ശിഷ്യർക്കായ്
തവ നിണ തനു നല്കിച്ചൊന്നങ്ങ്-തനുവിതു നിങ്ങൾ ഭക്ഷിപ്പീൻ
ഈ നിർമ്മല നിണമെല്ലാരും -പാനം ചെയ്തീടുവിൻ
ചിര ജീവനു,മാത്മാവും ഞാൻ തന്നേൻ നിങ്ങൾക്കായ്

മമ വാഞ്ചിതമിതു ശിഷ്യന്മാരെ!  നിങ്ങൾ ചെയ്‌വീ
നെന്നോതി
പന്തിയിരുന്നവിടെ ശിഷ്യർ-കൂടെ  ഭക്ഷിപ്പാൻ
ശുബഹോ........... മെനഓലം......        ബാറെക്മോർ
ദാസൻ പോൽ വീഴ്ത്തി-ട്ടവരുടെ പാദം കഴുകി
നിങ്ങൾക്കൊരു മാതൃകപാഠം നല്കുന്നതിനാലതുപോലെ
നിങ്ങളു, മന്യോന്യം ചെയ്‌വീൻ-കല്പിച്ചാൻ കർത്തൻ
ആമ്മീൻ
സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്...........ഇത്യാദി

## കോലോകൾ

(കദ് കോറേനാൻ ലോക് മൊറിയോ..........എന്ന രീതി)

(ശ്മയോനേ ശുബഹോ സൊ മറിൻ.........എന്ന രീതി)

(കാഴ്ചയതിൽ .........എന്ന രീതി)

1. നീണാൾ മറിയാമിന്നോർമ്മ-തൽ പ്രാർത്ഥന
തുണയാകട്ടെ
ഓർമ്മ വിശുദ്ധർക്കെന്നേക്കും-തുണയിങ്ങവരുടെ
യാചനയും
2. നിബിയർ ശ്ലീഹർ സഹദേന്മാ-രിവരുടെ യാചനയും
കോട്ട
നിൻ പ്രിയസഹദേന്മാർക്കൊപ്പം-പാർപ്പിട മെങ്ങൾക്കും
നൽക
3. കരുണാബ്ധേ അൻപൊടു നിന്റെ വിധി നാളിൽ
കൃപ ചെയ്യണമേ
തന്നെ വിളിക്കും പാപികളി-കൃപ നൽകും ദേവൻ
വന്ദ്യൻ
4. തിരുസഭ മക്കൾക്ക,നവരതം-നിൻ സ്മരണയുണ്ടാ
കേണമെ
നിന്നാഗമനപ്പെരുന്നാളിൽ-ചേർക്കണമിവരെ
വലഭാഗേ

ആനിഹ് ബമ് താലദ്നുഹറോ.......എന്ന രീതി

(സ്ളീ മൊറിയൊ ബ്റഹമേ എദിനോക്.........എന്ന രീതി)

(എൻ നാഥാ നിൻ കൃപ നിന്നെ...... എന്ന രീതി)

ദൈവ പ്രസവത്രീ, കന്യേ
നിൻ യാചന ഞങ്ങൾക്കെല്ലാം
സതതം കോട്ടയതാകണമെ

ഞങ്ങളിലെന്നും കെണി വയ്ക്കും
ഖലനെ നീ നീക്കുക നാഥാ!
സിദ്ധന്മാർ തൻ പ്രാർത്ഥനയാൽ

നിൻ കുരിശാകണമെങ്ങൾക്ക്
സർവ്വേശാ! നൽ സങ്കേതം
പാലിക്കണ, മതിനാലിവരെ

വചനേശ്വരനാ! മെൻ നാഥാ!
കുരിശാലടിയാരെ കാത്തും
മൃതരിൽ ശമ,മേകുക കൃപയാൽ.

ആയുഷ്പര്യന്തം ഞങ്ങൾ
പിതൃ സുതനാത്മാവാം നിന്നെ
വന്ദിച്ചാദരവായ് പാടും

കരുണാനിധിയാം പരമേശാ!
നിന്നാഗമനത്തിരുനാളിൽ
ഏറ്റണമിവരെ വലഭാഗെ

ഇന്നേരം സ്തുതി പാടീടാൻ
ഞങ്ങൾക്കർഹത തന്ന പരാ!
ചേരണ, മടിയർ നിൻ മോക്ഷെ

ഉയിരും മൃതിയും നൽകുന്ന
നാഥാ! നിൻ ദയ ഞങ്ങൾ മേൽ
കൃപയാലെന്നും ചേരണമേ ആമ്മീൻ

148, 149, 150 - മസുമൂർ

ഉറങ്ങിയവരേ നിങ്ങൾ ഉണർന്നെഴുന്നേറ്റു കർത്താവിനെ സ്തുതിപ്പിൻ........ഇത്യാദി
ആകാശത്തിൽ നിന്നു കർത്താവിനെ സ്തുതിപ്പിൻ...
ഇത്യാദി

# നാലാം കൗമാ

സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ

## പ്രുമിയോൻ

### കോലോകൾ

(ആർക്കായ് കാഴ്ചകൾ ......എന്ന രീതി)

(ബ് കുൽ മേദേം എസ് ബാക്കീസ്.........എന്ന രീതി)

യെറുശലേം തൻ നാഥങ്കൽ
പകരം ചെയ്തതു ജാതികളെ!
ക്ഷോണീ വാസി, കളെ! എല്ലാരും കേൾപ്പിൻ
ഭീകര കടൽ ഭാഗിച്ചതിനെ-മറുകരയതിലേ-റ്റി
അതു നാഥൻ തൻ വസ്ത്രത്തെ ഊരി ഭാഗി-ച്ചു
മരുവിൻ മന്നയുമതിനേകി
ശില പൊട്ടിച്ചൊഴുകിയ നീരും
ക്രൂശിൽ താൻ ദാഹിച്ചപ്പോൾ
കയ്പും കാടിയുമവനേകി
പരനുടെ ക്രൂശകയേ-പിഴുത പരൻ വന്ദ്യൻ.

ശുബഹോ........ ബാറെക്മോർ

മോശ തന്നൊടു ചൊന്നീശൻ
ജനതയ്ക്കൊപ്പം കൽപ്പനകൾ
ലിഖിതമതാം ശിലകൾ - നീ പ്രാപിച്ചിടുക
മാമക സവിധേ വ്യഭിചാരിണി-വിദ്വേഷിതയാ-യാൾ
മെസ്രേൻ മാംസക്കൊതി മൂലം-മന്നാനിരസി-ച്ചാൾ
അവൾ തൻ ഭൂഷണവും നീക്കി-ട്ടുലകെങ്ങും
ചിതറി ഗമിച്ചാൾ
സഭയെ സുതനായ് വധുവാക്കാൻ
മൃതി, യതിനെ താനേറ്റു
പാവന രക്തത്താലുലകം രക്ഷിച്ചാൻ

മൊറിയോ........

## എത്രോ (ധൂപ പ്രാർത്ഥന)

ഇൻ സൊഹദേ മേത്തൂൽ മോനോ...... എന്ന രീതി
ജന രക്ഷയ്ക്കൊരുവൻ മൃതിചേ-രുന്നതു യുക്തം
പ്രവചനമേവം പെരുന്നാളിൽ-ചൊന്നാൻ കയ്യാപ്പാ
യേശു മൃതിയാൽ രക്ഷിച്ചതു-വിദിതം തന്നെ

തൻ സഭയും സുതരും തന്നെ-സ്തുതി ചെയ്തീടുന്നു

ശുബഹോ................ ബാറെക്മോർ

ശപ്തന്മാർ യൂദർ ചെയ്യും-പരി, പീഡകളിൽ
ഖേദം വേണ്ടെൻ സോദരരെ-ചൊന്നാൻ സർവ്വേശൻ
എൻ മൃതിയാൽ ഖലനും മൃതിയും -നിഹതന്മാരായ്
ജീർണിതനാദം തൻരൂപം വീണ്ടും പുതുതാകും.

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം-ധന്യം നാഥാ!

പീഡാ സമയം-പെസഹയൊരുക്കാൻ
ശിഷ്യരിരുവ-രെ നാഥൻ വിട്ടു
വന്നാനവിടെ ശുശ്രൂഷിച്ചാൻ
മുൻ സൂചിതമാം -മെസ്രേൻ കർമ്മം
തൻ പെസഹായാൽ-പൂർണ്ണമതാക്കി

രക്തപ്രീയർ-യൂദർ കായേൻ
ലക്ഷ്യം തന്നിൽ-തികവായ് ചെയ്തു
വധിതൻ മൗനം രക്തം കേണു
ഖലർ തൻ രുധിരം-ഭൂവിൽ ചോർത്തി
വധമിതു തന്നിൽ-സാർത്ഥകമാക്കി

ക്രൂശിൽ തൂക്കാ-നുത്സാഹികളിൽ
രോഷം പൂണ്ട-ങ്ങെരു തീ വീഴ്ത്തി
ധിക്കാരികളെ യൂദന്മാരെ
ചൂട്ടീടായ്‌വാൻ- മഹതാം ശക്തി
വാനൗഘത്തെ-രോധിച്ചുടനെ

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ!

മൊറിയോ.........

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക

നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ ദേവാ!.....

രക്ഷകനീ പാവന നാളിൽ
കുഞ്ഞാടതിനെ ഭക്ഷിച്ചാൻ
തൻ ബലിയെ സൂചിപ്പിച്ച
നബിതൻ മർമ്മം നിറവേറ്റി
ശിഷ്യന്മാരെ പന്തിയതിൽ
ഏറ്റി,പ്പരിചാരം ചെയ്താൻ
യൂദായ്ക്കപ്പം മുക്കിയുടൻ
നൽകീട്ടവനെ വേ-റാക്കി ദേവാ!.....

ചെന്നായേ തള്ളിയ ശേഷം
തിരു സവിധേ,യാടുകൾ ചേർന്നു
നിജ മൃതി മൂലം പാപികളെ
രക്ഷിച്ചോ, നീ ശാത്മജനും
സുതനെ നൽകിയ താതന്നും
ചേതന, മേകും റൂഹായ്ക്കും
വിശ്വാസികളെല്ലാ നേരം
സ്തുതി, യാദരവയ് പാ-ടേണം ദേവാ!.....

ഞങ്ങൾ...കൃപതോന്നേണമൻപാൽ
മാലാഖമാരുടെ സ്തുതിപ്പ്....
മോറാനേശു മശിഹാ........ഇത്യാദി

ഹാശായുടെ കൗമാ

# പെസഹാ വ്യാഴാഴ്ച ഉച്ച

ഹാശായുടെ കൗമാ

ദൈവമേ നിന്റെ കൃപയിൻ പ്രകാരം........ഇത്യാദി

## എനിയോനോ

എമൊദ് കീസോ........എന്ന രീതി

മൃതിതൻസ്മരണം-ശിഷ്യർ കൊണ്ടാടാൻ
തൻമെയ് രുധിരം-ദാനം ചെയ്തോ-നെ
ദേവാ!..... ദയ ചെയ്തീടണമേ

വാന ഗണത്താൽ-പൂജിത സർവ്വേശൻ
പാപിനികയ്യാ-ലൂഴി യിലഭിഷി-ക്തൻ ദേവാ!........

നരനാ,യെങ്ങടെ-പിഴയമ്പാൽ പോക്കി-
ത്തൻ മെയ് രുധിരം-ഭോജനമായ് ത-ന്നോൻ ദേവാ!........

ഞങ്ങൾക്കേകിയ-നിജ തനു രുധിരത്താ-
ലെങ്ങടെ പാപം-നീക്കം ചെയ്തോ-നെ ദേവാ!........

ശുബഹോ.........മെനഓലം. ബാറെക്മോർ

കാരുണ്യം ചെയ്-സഭയോടു കരുണാബ്ധേ!
നിൻ ഹാശാ-യാലുയർത്തുക ശൃം-ഗം ദേവാ!........

സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ

## പ്രുമിയോൻ

## കോലോകൾ

സോഹദേ ആഫീസൂനോയ്.........എന്ന രീതി

ശിഷ്യന്മാരുത്സാവ നാളിൽ
ഗുരു തൻ സവിധേ,യാഗതരായ്
സാദര,മവനെ ബോധിപ്പി-
ച്ചേവ,മുണർത്തിച്ചാർ
ദുഷ്ട ഫറവോനിൽ നിന്നും
ഇസ്രായേലിനെ വീണ്ടപ്പോൾ
മോശ മെസ്രേനിൽ ചെയ്ത
മേഷം പാകമതായ് ബാറെക് മോർ

ശുബഹോ

ഇസ്രായേൽ തൻ പെസഹായിൽ
മോശ കുറിച്ചൊരു രൂപത്തിൽ
കുഞ്ഞാടതു പാകം ചെയ്വാ-
നിരു ശിഷ്യർ പോയാർ,
മോശാദ്യർ നിബിയന്മാരാൽ
ലിഖിതമതെല്ലാം നിറവേറ്റാൻ
അഖിലേശൻ തന്നുടെ പേർക്കായ്
ഭവനം ചോദിച്ചാർ മൊറിയോ.........

## എത്രോ (ധൂപ പ്രാർത്ഥന)
## വീണ്ടും കോലോകൾ

ഹബിലെല് ഈത്തോ..........എന്ന രീതി

സ്നേഹാ,ലാ-ഗതനായ്
നരനായോൻ ദൈവാത്മജനെ!
നാം സ്തോത്രം ചെ-യ്താരാധിച്ചീടാം
ശിഷ്യന്മാർ കൂടെ-മേടയതിൽ പെസഹാ ചെയ്തും
ജീർണിത, നാദാം-തൻ മുക്തിയതേകി
ശുബഹോ..........മെനഗാലം ബാറെക്മോർ
നിൻ ചങ്കിൽ-നിന്നും
ഒഴുകിയ രുധിരാൽ രക്ഷിതയാം
സഭ നിന്നോടായ്-യാചിച്ചീടുന്നു
നിൻ കൃപ വീഴ്ത്തീടാൻ-
താഴ്മയിലുളവാം ശാന്തിയതും
നിൻമംഗളവും-നൽകണമെല്ലാനും

**ബോത്തെദ്ഹാശോ**

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

വരിക! മോശെ-നിൻ പെസഹായെ
തിന്നൊരു ദൈവി-കമേഷം കാൺക

മഹതാം മർമ്മം സൂചകനേവാ

മാളിക പെസഹാ-വിരമിപ്പിച്ച
നിൻ ദൃഷ്ടാന്തം-നീയും കാൺക

എബ്രായരുടെ-സംഹാരകനെ!
നിൻ ദൃഷ്ടാന്തം-രോധിച്ചീശോ!

നിൻ മെയ് രുധിരം സഭയിൽ ചേർത്തു

ദ്രോഹിയെ നീക്കി-സംരക്ഷിക്ക
നിന്നാലെങ്ങൾ-പാവനരാകും

നിജ രൂപത്തിൽ-നിർമ്മിത നരരെ
തൻ മെയ് ഏറ്റൊ-രു കഷ്ടപ്പാടാൽ

രക്ഷിച്ചോനെ കീർത്തനമോതി

ബോധം സർവ്വം-നിർമ്മല സ്തോത്രം
ഭക്ത്യാദരവായ്-ചെയ്തീടേണം

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ! മൊറിയോ

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശീഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനെ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലമ്പുണ്ടാകേണം ദേവാ!.....

'ഇതു താനെൻ മെയ്' ഓതുന്നിതു ഗുരു, സംശയമാർക്ക്
സന്ദേഹിക്കിൽ പ്രേഷിതനായൊരു ശിഷ്യനുമല്ല
തങ്ങൾ മുമ്പിലുയിരുള്ളോനാം-ശിഷ്യരുറച്ചാർ
ഉയിരുള്ളോനാം തന്നെ ഭുജിച്ചാർ മൃത്യനെന്നോണം
ദേവാ!.....

സംശയ,മെന്യേ ജീവസ്ഥിതനായ് ബോധിച്ചവനെ
മൃതി ചേരായ്കിൽ അപ്പം തന്നുടെ കായവുമല്ല
മൃതനാകാതെ മൃത്യനെപ്പോലവരങ്ങനെ തിന്നു
ഉയിരില്ലെങ്കിൽ നിജ മെയ് ഭാഗിച്ചേകിയുമില്ല ദേവാ!.....

ഉയിരില്ലെന്നാലവിടെത്തൻ മെയ്, ആർ ഭാഗിച്ചു
മേശയിലപ്പം ഗുരു തൻ മെയ്യായ് ശിഷ്യർ ഭൂജിച്ചു
തൻ നിണ പാനം ചെയ്തിട്ടവരുപദേശം കേട്ടാർ
ഉയിരൊടു സംഭാഷിപ്പതു കേൾക്കെ മൃതനായ് കണ്ടാർ
ദേവാ!.....

പ്രവചന ലക്ഷ്യം നിറവേറ്റിയൊരാ താതൻ സ്തുത്യൻ
പന്തിരു പേർക്കായ് തൻ മെയ് നൽകീട്ടുയിരിൻ രക്തം
കോരിപ്പാനം ചെയ്യിച്ചോനാം പുത്രൻ വന്ദ്യൻ
സംശയമെന്യേ ആരാധ്യനതാം റൂഹാ! പൂജ്യൻ ദേവാ!.....

പൌരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ! നിങ്ങടെ നിലയം സർവ്വം ശൂന്യം ദേവാ!.....

## ഏവൻഗേലിയോൻ

ഹാശായുടെ കൗമാ